"ഭരണഭാഷ- മാതൃഭാഷ"

കേരള സർക്കാർ

<u>സംഗ്രഹം</u>

കേരള ആർട്ടിസാൻസ് ഡെവലപ്പ്മെന്റ് കോർപ്പറേഷൻ ലിമിറ്റഡിന്റെ (KADCO) കൊല്ലം റീജിയണൽ ഓഫീസിൽ, ഒരു റീജിയണൽ ഓഫീസറുടെ റെഗുലർ തസ്തിക സൃഷ്ടിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

വ്യവസായ (കെ) വകുപ്പ്

സ.ഉ.(കൈ) നം.29/2024/ID തീയതി,തിരുവനന്തപുരം, 21-06-2024

പരാമർശം:- 1. സ.ഉ (കൈ) നം.123/2015/വ്യവ തീയതി 04.09.2015
2. 27.06.2023 തീയതിയിലെ കാഡ്കോ മാനേജിംഗ് ഡയറക്ടറുടെ KADCO/E1/Gen-stf/2017/674/2023 നമ്പർ കത്ത്

<u>ഉത്തരവ്</u>

കേരള ആർട്ടിസാൻസ് ഡെവലപ്പ്മെന്റ് കോർപ്പറേഷനിൽ മാനേജിംഗ് ഡയറക്ടറുടെ തസ്തികയടക്കം 14 തസ്തികകളിലായി 24 ജീവനക്കാരുടെ അംഗീകൃത സ്റ്റാഫ് പാറ്റേണാണ് പരാമർശം (1) സർക്കാർ ഉത്തരവ് പ്രകാരം നിലവിൽ ഉള്ളത്. കോഴിക്കോട്ടും, എറണാകുളത്തും, കൊല്ലത്തുമുള്ള 3 റീജിയണൽ ഓഫീസുകളിലും റീജിയണൽ ഓഫീസർമാർ കേരള ആർട്ടിസാൻസ് ഡെവലപ്പ്മെന്റ് കോർപ്പറേഷനിൽ ഉണ്ടായിരുന്നു. എന്നാൽ കൊല്ലത്ത് ഉണ്ടായിരുന്ന റീജിയണൽ ഓഫീസർ തസ്തിക ഭരണ സൗകര്യാർത്ഥം മുമ്പ് ഹെഡ് ഓഫീസിലേയ്ക്ക് ഷിഫ്റ്റ് ചെയ്ത് പ്രൊജക്ട് മാനേജർ തസ്തികയായി ഉയർത്തിയിരുന്നു. ദക്ഷിണമേഖലാ (കൊല്ലം) ഓഫീസിൽ റീജിയണൽ ഓഫീസർ തസ്തിക നിലവിലില്ലാത്തതിനാൽ ഇത് കോർപ്പറേഷന്റെ സുഗമമായ പ്രവർത്തനങ്ങളെ ബാധിക്കുന്നുവെന്നും ആയതിനാൽ ദക്ഷിണമേഖലാ ഓഫീസിന്റെ പ്രവർത്തനം സുഗമമായി നടത്തുന്നതിന് ദക്ഷിണമേഖലാ ഓഫീസിൽ ഒരു റീജിയണൽ ഓഫീസർ തസ്തിക (20740-36140/- ശമ്പള സ്കെയിൽ - കാഡ്കോയിൽ നിലവിലുള്ള pay revision order അനുസരിച്ച് ) അനുവദിച്ച് നൽകണമെന്ന് ബോർഡ് തീരുമാന സഹിതം കാഡ്കോ മാനേജിംഗ് ഡയറക്ടർ പരാമർശം (2) കത്ത് പ്രകാരം അഭ്യർത്ഥിക്കുകയുണ്ടായി.

2. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചതിന്റെ അടിസ്ഥാനത്തിൽ കേരള ആർട്ടിസാൻസ് ഡെവലപ്പ്മെന്റ് കോർപ്പറേഷൻ ലിമിറ്റഡിന്റെ (KADCO) കൊല്ലം റീജിയണൽ ഓഫീസിന്റെ പ്രവർത്തനം സുഗമമാക്കുന്നതിനായി കൊല്ലം റീജിയണൽ ഓഫീസിൽ ഒരു റീജിയണൽ ഓഫീസറുടെ റെഗുലർ തസ്തിക, 20740-36140/- ശമ്പള സ്കെയിലിൽ (കാഡ്കോയിൽ നിലവിലുള്ള pay revision order അനുസരിച്ച്) സൃഷ്ടിച്ച് ഇതിനാൽ ഉത്തരവാകുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
എ പി എം മുഹമ്മദ് ഹനീഷ്
പ്രിൻസിപ്പൽ സെക്രട്ടറി

മാനേജിംഗ് ഡയറക്ടർ, കാഡ്കോ, തിരുവനന്തപുരം
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ(എ& ഇ)/ആഡിറ്റ്, തിരുവനന്തപുരം
വ്യവസായ വാണിജ്യ ഡയറക്ടർ, തിരുവനന്തപുരം
ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ, കെ-ബിപ്, തിരുവനന്തപുരം
സെക്രട്ടറി, ബി.പി.റ്റി, തിരുവനന്തപുരം
പൊതുഭരണ (എസ്.സി) വകുപ്പ്, ( പ്രകാരം)
ധനകാര്യ വകുപ്പ് ( 22/2/24 ലെ 2499435/PU-D3/115/2023-Fin പ്രകാരം)
വെബ് & ന്യൂ മീഡിയ(പ്രസിദ്ധീകരണത്തിനായി)
സ്റ്റോക്ക് ഫയൽ (IND-K3/109/2023-IND)

ഉത്തരവിൻ പ്രകാരം

Signed by
Divya Y V
സെക്ഷൻ ഓഫീസർ
Date: 21-06-2024 16:36:24